**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2710** **04-03-2025 - ൽ മറുപടിയ്ക്ക്**

**തീരദേശ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ തീരദേശ റോഡ് നവീകരണത്തിനായി അനുവദിച്ച ഏതെല്ലാം പ്രവൃത്തികൾ മാരിടൈം ബോർഡിന്റെ അനുമതിക്കായി പരിഗണനയിലുണ്ട്; | (എ) | കോഴിക്കോട് കോർപ്പറേഷൻ വാർഡ് 67 ൽ കോന്നാട് ബീച്ച് മുതൽ സെൻട്രൽ വെയർ ഹൗസിംഗ് ഗോഡൌൺ വരെയുള്ള റോഡ് നിർമ്മാണം, വാർഡ് 74 ൽ പടിഞ്ഞാറെ വട്ടകണ്ടി-മാക്കാച്ചി മൈതാനത്തിനു വടക്ക് ഭാഗം നടപ്പാതയും ഡ്രൈനേജ് നിർമ്മാണവും, ബേപ്പൂർ തുറമുഖ ഓഫീസിന്റെ അധിനതയിലുള്ള ചാലിയം-പുലിമുട്ട് റോഡിൽ പൊതുമരാമത്ത് വകുപ്പിന് ടാറിംഗ് നടത്തൽ എന്നീ പ്രവൃത്തികൾക്കാണ് കേരള മാരിടൈം ബോർഡിന്റെ അനുമതി ആവശ്യപ്പെട്ടിരുന്നത്. ആവശ്യമായ അനുമതികൾ ഇതിനോടകം നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | കേരളാ മാരിടൈം ബോർഡ് അല്ല പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | ഇവയുടെ അംഗീകാരം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | കേരളാ മാരിടൈം ബോർഡ് അല്ല പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ